"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ല - കട്ടപ്പന നഗരസഭയിൽ നിലവിൽ ഡിപിആർ തയ്യാറാക്കി നിർമ്മാണം നടന്നുവരുന്ന ബിൽഡിംഗ് കോംപ്ലക്സിൽ പുതിയ ഡി.പി.ആർ തയ്യാറാക്കാനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2059/2025/LSGD തീയതി,തിരുവനന്തപുരം, 19-08-2025

---

പരാമർശം:-

1. കട്ടപ്പന മുനിസിപ്പാലിറ്റിയുടെ 06/03/2025 ലെ സാധാരണ യോഗത്തിലെ 15/1 -ാം നമ്പർ തീരുമാനം.
2. കട്ടപ്പന മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീ പി.ജെ ജോൺ -ന്റെ 24.03.2025 ലെ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ കട്ടപ്പന നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഇൻഡോർ സ്റ്റേഡിയം-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പ്രോ.നം. 589/25 എന്ന പദ്ധതിയിൽ അമർ ജവാൻ റോഡിന്റെ സുരക്ഷ പരിഗണിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തീരുമാനിച്ചു. ആയതിലേയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 2.5 കോടി രൂപ ലോൺ എടുക്കുന്നതിനും 1 കോടി രൂപ തനതു ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു. മുനിസിപ്പൽ ഗ്രൗണ്ടിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുള്ള ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ നടപ്പിലാക്കുന്നില്ലായെന്നും മുനിസിപ്പൽ ഗ്രൗണ്ടിൽ നിർമ്മിക്കുന്നില്ലായെന്നും, മറ്റ് ഉചിതമായ സ്ഥലം കണ്ടെത്തി നിർമ്മിക്കുന്നതിനും, ഷോപ്പിംഗ് കോംപ്ലസ് നിർമ്മാണം എന്ന പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനായി ബിൽഡിംഗ് പെർമിറ്റ് എടുക്കുന്നതിനും, സാങ്കേതികാനുമതി വാങ്ങുന്നതിനും, ടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ പെർമിറ്റ്, കെ. യു. ആർ. ഡി. എഫ്. സി-യിൽ നിന്ന് വായ്പ എടുക്കൽ എന്നിവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിയേയും, സാങ്കേതികാനുമതി വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറേയും ചുമതലപ്പെടുത്തി തീരുമാനിച്ചു. ടി പ്രോജക്ടിന്റെ ഡി. പി. ആർ. തയ്യാറാക്കിയതിന്റെ ഫീസ് നിർമ്മിതി കേന്ദ്രത്തിന് കൗൺസിൽ തീരുമാനത്തിനു വിധേയമായി നിലവിലുള്ള പ്രോജക്ടിൽ നിന്ന് നൽകുന്നതിനും പരാമർശം (1) തീരുമാന പ്രകാരം തീരുമാനമെടുത്തിരിക്കുകയാണ്. ടി നിയമാനുസൃതമല്ലാത്ത തീരുമാനം പരിശോധിക്കാൻ പരാമർശം (2) പ്രകാരം നഗരസഭാ കൗൺസിലർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2003- ലെ പഞ്ചായത്ത് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 191(2) ൽ പറയും പ്രകാരം ടി വിഷയം

271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയയ്ക്കാവുന്നതും ചട്ടം 191(4) പ്രകാരം സർക്കാരിൽ നിന്നും തീരുമാനം ഉണ്ടാകുന്നതുവരെ പരാമർശം (1) പ്രകാരമുള്ള കൗൺസിൽ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കട്ടപ്പന നഗരസഭ
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7) കരുതൽ ഫയൽ (ഡി.ബി1/106/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 19-06-2025 14:19:54
സെക്ഷൻ ഓഫീസർ